# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

കെ. എൻ. വേണുഗോപാലൻ കർത്ത
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 2731020, 2732650,
മൊബൈൽ: 9846720402

പി.ആർ.ഒ/35/68/2017 **പത്രക്കുറിപ്പ്** 2017 മാർച്ച് 29

**പരീക്ഷ മാറ്റി**

മോട്ടോർ വാഹന പണിമുടക്ക് മൂലം മാർച്ച് 31 ന് നടത്താനിരുന്ന എല്ലാ പരീക്ഷകളും ഏപ്രിൽ 1 ന് നടത്തുവാനായി പുനർനിശ്ചയിച്ചു. പരീക്ഷാ കേന്ദ്രത്തിനും സമയത്തിനും മാറ്റമില്ല.

എറണാകുളം സെന്റ് ആൽബർട്സ് കോളേജിൽ ഏപ്രിൽ 10 ന് നടത്തുവാൻ നിശ്ചയിച്ചിരുന്ന നാലാം സെമസ്റ്റർ ബി. വോക് റിന്യൂവബിൾ എനർജി ടെക്നോളജി പരീക്ഷയുടെ പ്രാക്ടിക്കൽ ഏപ്രിൽ 12 ന് നടത്തുവാനായി പുനർനിശ്ചയിച്ചു.

**പരീക്ഷാതീയതി**

മൂന്നാം സെമസ്റ്റർ എം.എസ്സി സ്പേസ് സയൻസ് ആന്റ് ടെക്നോളജി (2015 അഡ്മിഷൻ റഗുലർ/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകൾ ഏപ്രിൽ 19 ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ ഏപ്രിൽ 06 വരെയും 50 രൂപ പിഴയോടെ 07 വരെയും 500 രൂപ സൂപ്പർ ഫൈനോടെ 10 വരെയും സ്വീകരിക്കും.

**പ്രാക്ടിക്കൽ പരീക്ഷ**

തൃപ്പൂണിത്തുറ ആർ. എൽ. വി. കോളേജിലെ നാല്, ആറ് സെമസ്റ്റർ ബി. എ. കഥകളി-ചെണ്ട, മദ്ദളം (സി.ബി.സി.എസ്.എസ്-റഗുലർ/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ പ്രാക്ടിക്കൽ ഏപ്രിൽ 6 മുതൽ 8 വരെ കോളേജിൽ വച്ച് നടത്തും.

**പരിക്ഷാഫലം**

2016 നവംബറിൽ നടത്തിയ ബി. ടെക് - ഏഴാം സെമസ്റ്റർ (റഗുലർ/സപ്ലിമെന്ററി)/എട്ടാം സെമസ്റ്റർ സപ്ലിമെന്ററി (പുതിയ സ്കീം, പഴയ സ്കീം, മേഴ്സിചാൻസ്) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനുമുള്ള അപേക്ഷകൾ ഏപ്രിൽ 15 വരെ സ്വീകരിക്കും.

**സിൻഡിക്കേറ്റ് യോഗം**

മാർച്ച് 27 ന് പൂർത്തിയാകാത്ത സിൻഡിക്കേറ്റ് യോഗം ഏപ്രിൽ 1 ന് രാവിലെ 10.30 ന് സിൻഡിക്കേറ്റ് ഹാളിൽ തുടർന്നു നടത്തും.

**ഉന്നതവിദ്യാഭ്യാസമേഖല അറിവിന്റെ അടിസ്ഥാനസൗകര്യത്തിന് ഊന്നൽ നൽകണം : ഗവർണർ**

പരമ്പരാഗതമായ സങ്കല്പനമനുസരിച്ച് അടിസ്ഥാനസൗകര്യമെന്നത് കെട്ടിടങ്ങളും ഉപകരണങ്ങളുമാണ്. എന്നാൽ ഇന്ന് വിദ്യാഭ്യാസ മേഖല അറിവിനെ അടിസ്ഥാനസൗകര്യമായി കണക്കാക്കുന്നു. നമ്മുടെ സംസ്ഥാന സർവ്വകലാശാലകൾ വ്യവസായങ്ങളിൽ നിന്നും പൂർവ്വവിദ്യാർത്ഥികളിൽ നിന്നും അടിസ്ഥാന സൗകര്യ വികസനത്തിനാവശ്യമായ വിഭവങ്ങൾ തേടുന്നതിന് പര്യാപ്തമായ പരിസ്ഥിതി സൃഷ്ടിക്കേണ്ടതാണെന്നും സംസ്ഥാന ഗവർണ്ണറും സർവകലാശാലാ ചാൻസിലറുമായ ജസ്റ്റീസ് പി. സദാശിവം. എം. ജി സർവകലാശാലയിൽ ചാൻസ്‌ലേഴ്സ് അവാർഡുതുക ഉപയോഗിച്ച് നിർമ്മിക്കുന്ന അന്താരാഷ്ട്ര അക്കാദമിക് കൺവെൻഷൻ സെന്ററിന്റെ ശിലാസ്ഥാപനം സർവ്വകലാശാലാ അസംബ്ലിഹാളിൽ നിർവ്വഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം.

ചാൻസ്‌ലേഴ്സ് അവാർഡു തുക ഉപയോഗിച്ച് അക്കാദമിക സമൂഹത്തിനാവശ്യമായ അടിസ്ഥാന സൗകര്യമൊരുക്കുന്നതിന് വളരെവേഗം തന്നെ തീരുമാനമെടുത്ത വൈസ്ചാൻസിലറെയും ടീമിനെയും ഗവർണ്ണർ അനുമോദിച്ചു. കേരളത്തിലെ ഉയർന്നുവരുന്ന പുതിയ സർവകലാശാലയ്ക്ക് ഒരു കോടി രൂപ അവാർഡ് നൽകാനുള്ള ചാൻസിലറുടെ നിർദ്ദേശം സംസ്ഥാന സർക്കാർ അംഗീകരിച്ച് ആവശ്യമായി തുക ബജറ്റിൽ ഉൾക്കൊള്ളിച്ചതിൽ ഗവർണ്ണർ സന്തുഷ്ടി രേഖപ്പെടുത്തി.

ഇന്ന് നടക്കുന്ന വിദ്യാർത്ഥി പ്രക്ഷോഭങ്ങളുടെ മൂലകാരണം അവരുടെ ഭാവിയെപ്പറ്റിയുള്ള അനിശ്ചിതാവസ്ഥയാണ്. വിദ്യാസമ്പന്നരായ യുവാക്കൾക്ക് കൂടുതൽ തൊഴിലവസരങ്ങളൊരുക്കി

സുരക്ഷിതഭാവി ഉറപ്പാക്കുകയും വിദ്യാർത്ഥികളും അധ്യാപകരുമായി കൂടുതൽ അടുത്ത ഇടപെടലുകൾ ഉണ്ടാകുകയും ചെയ്താൽ  വിദ്യാർത്ഥി സമൂഹത്തിന്റെ ശാരീരികവും മാനസികവുമായ ക്ഷേമത്തിന് അത് വഴിയൊരുക്കുമെന്ന് ഗവർണർ അഭിപ്രായപ്പെട്ടു.

സർവ്വകലാശാലാ വൈസ്ചാൻസിലർ ഡോ : ബാബു സെബാസ്റ്റ്യൻ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ സിൻഡിക്കേറ്റ് അംഗങ്ങളായ കെ. ഷറഫുദ്ദിൻ, ഡോ : കെ. കൃഷ്ണദാസ്, അഡ്വ : പി. കെ. ഹരികുമാർ എന്നിവർ ആശംസ അർപ്പിച്ചു.  പ്രൊ. വൈസ് ചാൻസിലർ ഡോ : ഷീനാ ഷുക്കൂർ സ്വാഗതവും. രജിസ്ട്രാർ എം. ആർ. ഉണ്ണി കൃതജ്ഞതയും രേഖപ്പെടുത്തി.

**അടിക്കുറിപ്പ്**

എം. ജി. സർവകലാശാലയിൽ അന്താരാഷ്ട്ര അക്കാദമിക് കൺവെൻഷൻ സന്ററിന്റെ ശിലാസ്ഥാപനം ഗവർണ്ണർ പി. സദാശിവം നിർവ്വഹിക്കുന്നു.  സമീപം വൈസ്ചാൻസിലർ ഡോ : ബാബു സെബാസ്റ്റ്യൻ,  പ്രൊ. വൈസ് ചാൻസിലർ ഡോ : ഷീനാ ഷുക്കൂർ,  സിൻഡിക്കേറ്റംഗങ്ങളായ കെ. ഷറഫുദ്ദിൻ, ഡോ : കെ. കൃഷ്ണദാസ്, അഡ്വ : പി. കെ. ഹരികുമാർ, രജിസ്ട്രാർ എം. ആർ. ഉണ്ണി

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**